(സി) പ്രസ്തുത കാര്യം സംബന്ധിച്ച് കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം നൽകിയ നിവേദനം ലഭിച്ചിട്ടുണ്ടോ ; എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) തോട്ടം തൊഴിൽ മേഖലയിൽ നൽകിയ മാതൃകയിൽ ബീഡി മേഖലയിലും നികുതിയിളവ് നൽകാൻ തയ്യാറാവുമോ ?

ഉത്തരം

(എ) പുകയില ഉല്പന്നങ്ങളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്ത് ഇതിന്റെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തിന്റെ തുടർനടപടിയുടെ ഭാഗമായി ബീഡിക്ക്മേൽ കേരള ധനകാര്യ നിയമം 2015 പ്രകാരം 14.5 ശതമാനം നികുതി ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം നൽകിയ നിവേദനം ലഭിച്ചിട്ടുണ്ട്. പുകയില ഉല്പന്നങ്ങളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ കണക്കിലെടുത്ത് ഇവയുടെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തിന്റെ തുടർനടപടിയുടെ ഭാഗമായാണ് ബീഡിക്ക് 14.5% നികുതി ഏർപ്പെടുത്തിയിട്ടുള്ളത്. കേരള ദിനേശ് ബീഡിക്ക് മാത്രമായി നികുതി നിരക്ക് കുറയ്ക്കാൻ സാധ്യമല്ല. അയൽ സംസ്ഥാനങ്ങളിൽനിന്നും വരുന്ന ബീഡിക്കും ഈ നികുതി നിരക്ക് ബാധകമാണ്.

(ഡി) പുകയില ഉല്പന്നങ്ങളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്ത് ഇവയുടെ ഉപയോഗം കുറയ്ക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി ബീഡിക്ക് നികുതിയിളവ് നൽകുന്നത് ഇപ്പോൾ പരിഗണനയിലില്ല.

പെട്രോളിനും ഡീസലിനും ഏർപ്പെടുത്തിയ സെസ്

104 (1930) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ഒരു രൂപ വീതം സെസ് ഏർപ്പെടുത്തിയതുമൂലം എത്ര കോടി രൂപ ഇതുവരെ ഖജനാവിൽ എത്തിയിട്ടുണ്ട് ;

(ബി) എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് പെട്രോളിനും ഡീസലിനും ഒരു രൂപ സെസ്സ് ഏർപ്പെടുത്തിയത് ; അത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പെട്രോൾ, ഡീസൽ എന്നിവയുടെമേൽ പ്രത്യേക സെസ് ഈടാക്കുന്നില്ല. എന്നാൽ ഇവയുടെ മേൽ ലിറ്ററിന് ഒരു രൂപ നിരക്കിൽ 1-4-2015 മുതൽ അധിക വില്പന നികുതി ചുമത്തിയിട്ടുണ്ട്. 31-10-2015 വരെ 254.44 കോടി രൂപ ഈ ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്.

(ബി) പെട്രോൾ, ഡീസൽ എന്നിവയുടെ മേൽ പ്രത്യേക സെസ് ഈടാക്കുന്നില്ല. എന്നാൽ സ്വന്തമായി പാർപ്പിടമില്ലാത്ത പാവപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനായും ഡിസ്ട്രക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട റോഡ് വികസന പ്രവർത്തനങ്ങൾക്കുമായി 1-4-2015 മുതൽ പെട്രോൾ, ഡീസൽ എന്നിവയിൽനിന്നും ലിറ്ററിന് ഒരു രൂപ നിരക്കിൽ അധിക വില്പന നികുതി പിരിച്ചെടുക്കുന്നുണ്ട്.

ഫെസിലിറ്റേഷൻ സെന്ററുകൾ

105 (1931) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യാപാരികൾക്ക് തങ്ങളുടെ ചരക്ക് നീക്കം സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കുന്നതിനായി വാണിജ്യനികുതി വകുപ്പിന്റെ കീഴിൽ ഫെസിലിറ്റേഷൻ സെൻറുകൾ ആരംഭിക്കണമെന്ന് 2011-12-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നോ ; എങ്കിൽ ഇവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്താകെ ഇത്തരം എത്ര ഫെസിലിറ്റേഷൻ സെൻറുകൾ പ്രവർത്തിക്കുന്നുണ്ട് ; എവിടെയെല്ലാം ; വ്യക്തമാക്കാമോ ;

(സി) ഓരോ സെന്ററിലും ഇതുവരെ എത്ര വ്യാപാരികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ഡി) ഈ സെന്ററുകളുടെ പ്രവർത്തനംമൂലം സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി തിട്ടപ്പെടുത്തുന്നതിനും നികുതി ചോർച്ച തടയുന്നതിനും കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) വെല്ലിംഗ്ഡൺ ഐലന്റ്, വല്ലാർപാടം എന്നിവിടങ്ങളിലായി രണ്ട് ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) പ്രസ്തുത കേന്ദ്രങ്ങൾ വഴി രജിസ്ട്രേഷൻ നൽകാൻ അനുമതിയില്ല.